"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടറായ ശ്രീ.ബൈജു.പി.എം അഹമ്മദാബാദിലേയ്ക്കും തിരിച്ചും 07-09-2017, 09-09-2017 തീയതികളിൽ നടത്തിയ വിമാനയാത്ര സാധൂകരിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4325/2025/HOME തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 01.02.2018 , 27.03.2019 തീയതികളിലെ C2-154229/2017/PHQ നമ്പർ കത്തുകൾ.
2. സംസ്ഥാന പോലീസ് മേധാവിയുടെ 02.07.2025 തീയതിയിലെ C2-33871/2021/PHQ നമ്പർ തീയതിയിലെ കത്ത്.

<u>**ഉത്തരവ്**</u>

നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 297/17 മായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടറായ ശ്രീ.ബൈജു.പി.എം അഹമ്മദാബാദിലേയ്ക്കും തിരിച്ചും 07-09-2017, 09-09-2017 തീയതികളിൽ നടത്തിയ വിമാനയാത്ര സാധൂകരിച്ച് പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് ടിയാന്റെ കൈയ്യിൽ നിന്നും ചെലവായ 17,008/-രൂപ അനുവദിയ്ക്കുന്നതിനുമുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി പരാമർശം (1), പരാമർശം (2) എന്നിവയിലെ കത്തുകൾ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടറായ ശ്രീ.ബൈജു.പി.എം അഹമ്മദാബാദിലേയ്ക്കും തിരിച്ചും 07-09-2017, 09-09-2017 തീയതികളിൽ നടത്തിയ വിമാനയാത്രകൾ സാധൂകരിച്ചു കൊണ്ടും പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് ടിയാന്റെ കൈയ്യിൽ നിന്നും ചെലവായ 17,008/-രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിനിൽ വി വി

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തി(സംസ്ഥാന പോലീസ് മേധാവി മുഖേന)

ധനകാര്യ വകുപ്പ് ( 769762 : EXP-B2 (Exp- C) 169/2018-FIN) പ്രകാരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ3/322/2025-ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Deepu B K
Date: 15-12-2025 12:18:03

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്